SHORT NOTICE QUESTION AND ANSWER

അദ്ധ്യാപകന്മാരുടെ പണിമുടക്ക്.

* 6. [1] ശ്രീ. എം. എം. മത്തായി: തൊഴിൽ കാണാനുള്ള ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രൈവറ്റ് സെക്കൻഡറി സ്കൂൾ അദ്ധ്യാപകന്മാർ പണിമുടക്കാൻ നിശ്ചയിച്ചിരിക്കുന്നതായുള്ള തീരുമാനം ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അദ്ധ്യാപകന്മാർ ഉന്നയിച്ചിട്ടുള്ള ആവശ്യവാദങ്ങളെപ്പറ്റി ഗവണ്മെൻറ് ആലോചിച്ചിട്ടുണ്ടോ;

(സി) പണിമുടക്ക് ഒഴിവാക്കാൻ എന്തെങ്കിലും നടപടി നടത്താൻ ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): (എ, ബി സി) ഉണ്ട്.

ശ്രീ. എം. എം. മത്തായി: പണിമുടക്കുന്നതിനു തീരുമാനിക്കുന്നതിനു മുൻപ് ഗവണ്മെൻറുമായി എതെങ്കിലും ഒത്തുതീർപ്പ് ഉണ്ടായിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇക്കാര്യത്തിൽ ഒരു ഒത്തുതീർപ്പിന്റെ ആവശ്യമൊന്നുമില്ല. ഗവണ്മെൻറ് ഏഡ്മിനിസ്ട്രേഷൻ നടത്തുന്ന ഒരു സ്ഥാപനം എന്നുള്ള നിലയിൽ ഒരു ഒത്തുതീർപ്പിന്റെ ആവശ്യം ഉണ്ടെന്നു തോന്നുന്നില്ല.

ശ്രീ. എം. എം. മത്തായി: അവരുടെ ശമ്പളം പരിഷ്കരിക്കുന്ന കാര്യത്തിൽ ഗവണ്മെൻറിൽനിന്നും ചെയ്തിട്ടുള്ള തീരുമാനങ്ങൾ ഈ 12-ാംതീയതിക്കു മുമ്പു നടപ്പിൽ വരുത്തുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങിനെ പറയുവാൻ നിവൃത്തിയില്ല. പേ കമ്മിഷൻ റിപ്പോർട്ട് പുറത്തുവന്നതിൻശേഷമെ അതിനെപ്പറ്റി ഒരു മറുപടി പറയുവാൻ നിവൃത്തിയുള്ളൂ.

ശ്രീ. പി. വിശ്വംഭരൻ: പി. എസ്. എസ്. സ്കീം അനുസരിച്ചു വാങ്ങിക്കൊണ്ടിരിക്കുന്ന ശമ്പളത്തിൽ കുറെ തിരിച്ചു കൊടുക്കേണ്ടിവരുമെന്നുള്ളതു ശരിയാണോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ആ ചോദ്യം ഈ ചോദ്യവുമായി ബന്ധപ്പെടുത്തി ചോദിക്കുകയാണെങ്കിൽ അതിനു ഉത്തരം പറയുവാൻ നോട്ടിസ് വേണം.

WRITTEN ANSWERS.

Gandhi Memorial at Cape Comorin.

* 687. [29] SHRI K. SATTANATHA KARAYALAR: Will the Minister for Works be pleased to state the progress of the Gandhi Memorial at Cape Comorin?

LIBRARY ARCHIVES Kerala Legislative Assembly

Minister for Works (SHRI K. I. VELAYUDHAN): Work up to basement level has been completed. The construction of the main building is in progress.

എക്സൈസ് ഡിപ്പാർട്ടുമെൻറിലെ പരിഷ്കാരം.

*688. [31] ശ്രീ. എം. എം. മത്തായി : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) എക്സൈസ് ഡിപ്പാർട്ടുമെൻറിലെ ഇൻസ്പെക്ടർമാരുടെ പരിഷ്കാരം എന്നാണ് നടപ്പാക്കിയത് ;

(ബി) ഇതനുസരിച്ച് സർക്കിൾ ഇൻസ്പെക്ടർ കേഡർ നിർത്തിയിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ സർക്കിൾ ഇൻസ്പെക്ടർമാർക്ക് എന്തു സ്ഥാനമാണ് നൽകിയിട്ടുള്ളത് ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ എ. എ. റഹിം) :

(എ) ഇൻസ്പെക്ടർമാരുടെയും പ്രൊഹിബിഷൻ ഓഫീസർമാരുടെയും ഡിപ്പാർട്ടുമെൻറ് പൊതുവായി പുനഃസംഘടിപ്പിച്ചുകൊണ്ടുള്ള പരിഷ്കാരം നടപ്പാക്കിയത് 1-10-1955 മുതൽ ആണ്.

(ബി) ഉണ്ട്.

(സി) സർക്കിൾ ഇൻസ്പെക്ടർമാരിൽ ചിലർക്ക് അസിസ്റ്റൻറ് കമ്മീഷണരായും റവന്യൂബോർഡ് സൂപ്രണ്ടുമാരായും കയറ്റം നൽകുകയുണ്ടായി. മറ്റുള്ളവരെയെല്ലാം അതേ ശമ്പളത്തിൽ ഒന്നാംഗ്രേഡ് എക്സൈസ് ഇൻസ്പെക്ടർമാരായി നിയമിക്കുകയും ചെയ്തു.

പ്രൊഹിബിഷൻ എൻക്വയറി കമ്മിറ്റി റിപ്പോർട്ട്.

*689. [32] ശ്രീ. എം. എം. മത്തായി : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) ഇൻഡ്യാഗവണ്മെൻറിൽനിന്നും നിയമിച്ച പ്രൊഹിബിഷൻ എൻക്വയറി കമ്മിറ്റിയുടെ റിപ്പോർട്ട് ഈ ഗവണ്മെൻറിന് കിട്ടിയിട്ടുണ്ടോ ;

(ബി) മുന്നു വർഷത്തിനകം പരിപൂർണ്ണ മദ്യനിരോധനം ഈ സംസ്ഥാനത്തു് ഏർപ്പെടുത്തണമെന്നു് വല്ല നിർദ്ദേശവും ഈ ഗവണ്മെൻറിനു് ഇൻഡ്യാഗവണ്മെൻറിൽനിന്നും ലഭിച്ചിട്ടുണ്ടോ ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം) :

(എ) ഉണ്ട്.

(ബി) കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ പ്രായോഗികമായി പ്രാവർത്തികമാക്കിയിട്ടില്ലാത്തതുകൊണ്ട് ഈ ചോദ്യത്തിനു് മറുപടി നൽകുവാൻ നിവൃത്തിയില്ല.

LIBRARY ARCHIVES Kerala Legislative Assembly